## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - പ്ലാൻ ഫണ്ട് 2017-18 "2202-03-103-75-01-സി.ഐ.യൂ.പി എന്ന ശീർഷകത്തിൽ അനുവദിച്ച തുക വകമാറ്റി വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം. പി2 /15099/2017/കോവി.വ തീയതി .01-02-2018

---

പരാമർശം :- 1. 22-07-2017, 26-08-2017 എന്നീതിയതികളിലെ ഇതേ നമ്പർ ഉത്തരവ്
2. 15-12-2017 ലെ സി2/260/2017/ഉവിവ നമ്പർ സർക്കാർ കത്ത്.
3. 07-08-2017 ലെ 102/2017 നമ്പർ സർക്കാർ ഉത്തരവ്
4. 12-10-2017 ലെ ആറ്റിങ്ങൽ ഗവ. കോളേജ് പ്രിൻസിപ്പാളിന്റെ ബി3/938/2017 -18 നമ്പർ കത്ത്.
5. 14-11-2017 ലെ അമ്പലപ്പുഴ ഗവ.കോളേജ് പ്രിൻസിപ്പാളിന്റെ എ3/463/2017 നമ്പർ കത്ത്.
6. 06-11-2017 ലെ ഗവ. ബ്രണ്ണൻ കോളേജ് ഹോസ്റ്റൽ വാർഡന്റെ എ1/35/2017 നമ്പർ കത്ത്.
7. 30-11-2017 ലെ കോട്ടയ് ഗവ. കോളേജ് പ്രിൻസിപ്പാളിന്റെ എ3/487/2017 നമ്പർ കത്ത്.

## ഉത്തരവ്

2017 - 18 സാമ്പത്തിക വർഷത്തിൽ 2202-03-103-75-01 സി.ഐ.യൂ.പി എന്ന ശീർഷകത്തിൽ നിന്നും പരാമർശം 1 പ്രകാരം ആറ്റിങ്ങൾ ഗവ.കോളേജിന് 19,00,000 /- രൂപ, അമ്പലപ്പുഴ ഗവ. കോളേജിന് 15,00,000/- രൂപ, കോട്ടയം ഗവ. കോളേജിന് 18,00,000/-രൂപ, തലശ്ശേരി ഗവ.ബ്രണ്ണൻ കോളേജ് ഹോസ്റ്റലിന് 10,45,000/- രൂപ എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്ക് തുക അനുവദിച്ചിരുന്നു.

പരാമാർശം (4) പ്രകാരം ആറ്റിങ്ങൽ ഗവ. കോളേജിന് അനുവദിച്ച തുകയിൽ നിന്നും 6,00,000/- രൂപ വകമാറ്റി കോളേജ് ഹോസ്റ്റലിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും, പരാമർശം (5) പ്രകാരം അമ്പലപ്പുഴ ഗവ. കോളേജിന് അനുവദിച്ച് തുകയിൽ നിന്നും 13,00,000/- രൂപ വകമാറ്റി സ്റ്റുഡന്റ് അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിനു പരാമർശം (6) പ്രകാരം തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ് ഹോസ്റ്റലിന് അനുവദിച്ച തുകയിൽ നിന്നു 9,20,000/- രൂപ വകമാറ്റി മെൻസ് ഹോസ്റ്റലിൽ ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിനു, 77,000/- രൂപ വകമാറ്റി ലേഡീസ് ഹോസ്റ്റലിലും, മെൻസ് ഹോസ്റ്റലിലും അത്യാവശ്യം വേണ്ട അടുക്കള സാധനങ്ങൾ വാങ്ങിക്കുന്നതിനും, പരാമർശം (7) പ്രകാരം കോട്ടയം ഗവ.കോളേജിന് അനുവദിച്ച തുകയിൽ നിന്നും 10,50,000/- രൂപ വകമാറ്റി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് വിനിയോഗിക്കുന്നതിനും അനുമതി നൽകണമെന്ന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരും ഹോസ്റ്റൽ വാർഡനും അപേക്ഷിച്ചിട്ടുണ്ട്.

1824162

GOVERNMENT OF KERALA

പരാമർശം (2) ലെ സർക്കാർ കത്ത് പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ സി.ഐ.യു.പി ശീർഷകത്തിൽ അനുവദിച്ച ഫണ്ട് കോളേജുകളുടെ ആവശ്യാനുസരണം ചെറിയ മാറ്റങ്ങൾക്ക് വിധേയമായി വകമാറ്റി വിനിയോഗിക്കാവുന്നതാണെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്. കൂടാതെ പരാമർശം (3) ലെ ഉത്തരവ് പ്രകാരം വകുപ്പ് തലവൻമാരുടെ സാമ്പത്തിക അധികാരം സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശത്തിന്റെയും ഉത്തരവിന്റെയും അടിസ്ഥാനത്തിലും പ്രിൻസിപ്പാൾ മാരുടെയും ഹോസ്റ്റൽ വാർഡന്റെയും അപേക്ഷകൾ പരിശോധിച്ച് ആവശ്യകത ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലും 2017-18 സാമ്പത്തിക വർഷത്തിൽ സി.ഐയു.പി (2202-03-103-75-01) ശീർഷകത്തിൽ അനുവദിച്ച ഫണ്ട് താഴെപറയുന്ന വിധത്തിൽ വകമാറ്റി വിനിയോഗിക്കുന്നതിന് ബന്ധപ്പെട്ട പ്രിൻസിപ്പൾമാർക്കും ഹോസ്റ്റൽ വാർഡനും അനുമതി നൽകിയ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നം | കോളേജിന്റെ/ ഹോസ്റ്റലിന്റെ പേര് | വകമാറ്റി ചെയ്യുന്ന പുതിയ പ്രവൃത്തി | തുക |
|---|---|---|---|
| 1 | ഗ.വ കോളേജ് ,ആറ്റിങ്ങൽ | ഹോസ്റ്റലിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നത് | 6,00,000/- |
| 2 | ഗ.വ കോളേജ്, അമ്പലപ്പുഴ | സ്റ്റുഡന്റ് അമിനിറ്റി സെന്റർ നിർമ്മാണം | 13,00,000/- |
| 3 | ഗ.വ. ബ്രണ്ണൻ കോളേജ് ഹോസ്റ്റൽ, ധർമ്മടം, തലശ്ശേരി | മെൻസ് ഹോസ്റ്റലിൽ ടോയ്ലറ്റുകൾ നിർമ്മിക്കുക, | 9,20,000/- |
| | | മെൻസ് ഹോസ്റ്റലിലും ലേഡീസ് ഹോസ്റ്റലിലും വേണ്ട അത്യാവശ്യ സാധനങ്ങൾ വാങ്ങുക | 77,000/- |
| 4 | ഗ.വ കോളേജ, കോട്ടയം | ട്രാൻസ്ഫോർമർ സ്ഥാപികുക | 10,50,000/- |

1824163 GOVERNMENT OF KERALA

പ്ലാൻ ഫണ്ട് വിനിയോഗത്തിൽ ബന്ധപ്പെട്ട എല്ലാഉത്തരവുകളും കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് പ്രിൻസിപ്പാൾമാരും ഹോസ്റ്റൽ വാർഡൻമാരും ഉറപ്പുവരുത്തേണ്ടതാണ്.

ഒപ്പ്/-

എം.എസ് . ജയ ഐ എ എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് :-

1. പ്രിൻസിപ്പാൾ
   ഗവ. കോളേജ് ആറ്റിങ്ങൽ
2. പ്രിൻസിപ്പാൾ
   ഗവ. കോളേജ്,അമ്പലപ്പുഴ
3. പ്രിൻസിപ്പാൾ
   ഗവ. കോളേജ്, കോട്ടയം
4. വാർഡൻ
   ഗവ. ബ്രണ്ണൻ കോളേജ് ഹോസ്റ്റൽ ധർമ്മടം തലശ്ശേരി.
5. CF /SF

// അംഗീകാരത്തോടെ //

സൂപ്രണ്ട്

na

1824160

GOVERNMENT OF KERALA